# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 838 | 25.07.2012-ൽ മറുപടിക്ക്

## പുതിയ ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, ഷാഫി പറമ്പിൽ :<br>,, പി.എ.മാധവൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ രംഗത്ത് ഓരോ വർഷവും പുതിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതി നേരിടാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) കേരളത്തിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി പകർച്ച വ്യാധികളും ജീവിതശൈലി രോഗങ്ങളും വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനം നേടിയ എല്ലാ പുരോഗതിയ്ക്കും ഇത് വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നു. ഈ പ്രതിസന്ധി നേരിടാനും കേരള ജനതയുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് സർക്കാർ "സമഗ്ര" എന്ന പേരിൽ ഒരു ആരോഗ്യ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങളെ ശാസ്ത്രീയവും പ്രായോഗികവും തദ്ദേശീയവുമായ മാർഗ്ഗങ്ങളിലൂടെ ജനപങ്കാളിത്തത്തോടെ പരിഹരിക്കാനായി സമഗ്ര ആരോഗ്യപദ്ധതി നടപ്പിലാക്കാനാണ് പരിപാടിയിട്ടിരിക്കുന്നത്. |
| (ബി) ഇതിനായി ജനങ്ങളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ ;<br>(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (ബി) & (സി):<br>കേരളം അഭിമുഖീകരിക്കുന്ന ഇപ്പോഴത്തെ ആരോഗ്യ പ്രശ്നങ്ങൾ ഫലപ്രദമായി നേരിടുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പഠനങ്ങൾ ആവശ്യമാണ്. ഇതിനു വേണ്ടി സംസ്ഥാന ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പും മൃഗസംരക്ഷണവകുപ്പ് തുടങ്ങിയവയുമായി ചേർന്ന് ചില പ്രാഥമിക പഠനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൂടുതൽ സമഗ്രമായ പഠനങ്ങൾ നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ